**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള വാഹനം റിപ്പയർ ചെയ്യുന്നതുവരെ മറ്റൊരു വാഹനം ലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2641/2018/തസ്വഭവ.** തിരുവനന്തപുരം, തീയതി 15/10/2018

---

പരാമർശം:- 1. 15.09.2018 തീയതിയിലെ 85/2018/Fin നം. സർക്കുലർ

2. ഓംബുഡ്സ്മാൻ സെക്രട്ടറിയുടെ 07.09.2018-ലെ എ 1/4367/18/ഒബിഡിഎൻ നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ സെക്രട്ടറി എറണാകുളത്ത് ക്യാംപ് സിറ്റിംഗ് നടത്തുന്നതിലേക്കായി ഔദ്യോഗിക വാഹനമായ ടൊയോട്ട കാറിൽ എത്തിച്ചേർന്നിരുന്നുവെന്നും ടി ദിവസം വൈകിട്ടോടെ ഉണ്ടായ പ്രളയദുരിതത്തിൽ ടിയാന്റെ ഔദ്യോഗിക വാഹനം മുങ്ങിപ്പോയെന്നും ആയതിനാൽ ഓംബുഡ്സ്മാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ദീർഘദൂരം സഞ്ചരിക്കുന്നതിന് അനുയോജ്യമായ ഒരു വാഹനം അടിയന്തരമായി ലഭ്യമാക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ സെക്രട്ടറി പരാമർശം (2) ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഔദ്യോഗിക വാഹനം running condition / repair ആകുന്നതുവരെ പരാമർശം (1) ലെ പരിപത്രത്തിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഒരു വാഹനം ( Maruti Ciaz, Honda City, Tata Nexon etc.) ലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ സെക്രട്ടറിക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**മിനി എം.ആർ.**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ